(സി) 2012 ഏപ്രിൽ ഒന്നു മുതൽ 2013 മാർച്ച് 31 വരെയുള്ള ഒഴിവുകൾ സൂപ്പർന്യൂമററിയായി കണക്കാക്കി മുൻ ലിസ്റ്റിലുള്ള എത്ര പേർക്ക് എൽ.ഡി.സി. തസ്തികയിൽ നിയമനം നൽകി ;

(ഡി) 2012 ഏപ്രിൽ ഒന്നു മുതൽ നാളിതുവരെ ബൈ പ്രമോഷൻവഴി എത്ര ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി.സി. തസ്തികയിൽ നിയമനം നൽകി ;

(ഇ) 2012 ഏപ്രിൽ ഒന്നു മുതൽ നാളിതുവരെ എൽ.ഡി.സി. തസ്തികയിൽ എത്ര പേർക്ക് ആശ്രിത നിയമനം നൽകി ;

(എഫ്) റാങ്ക് ലിസ്റ്റിൽപ്പെട്ട മൂന്നിലൊന്നു പേർക്ക് പോലും നിയമനം ലഭിക്കാത്ത സാഹചര്യത്തിൽ നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 30-3-2012-ൽ.

(ബി-ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) എൽ.ഡി.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ 2015 ഏപ്രിൽ, മേയ് മാസങ്ങളിൽ വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളുടെ കൃത്യമായ എണ്ണം കണക്കാക്കി, പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ മുഴുവൻ ഒഴിവുകളും 2014 ഡിസംബർ 31-ന് മുൻപ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

എൽ.ഡി.സി. റാങ്ക് ലിസ്റ്റുകളിൽനിന്നുള്ള നിയമനം

68 (1932) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ജില്ലകളിലെയും നിലവിലുള്ള എൽ.ഡി.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്ര പേരെ വീതം നിയമിച്ചു എന്ന് ജില്ല തിരിച്ചു വിശദമാക്കുമോ ;

(ബി) മുൻപത്തെ രണ്ട് ലിസ്റ്റുകളെ അപേക്ഷിച്ച് നിയമനത്തിൽ കുറവ് വന്നിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം വീതം എന്നു വിശദമാക്കുമോ ;

(സി) നിയമനം കുറയാനുള്ള കാരണമെന്താണ് ; പെൻഷൻ പ്രായം 56 ആക്കി നിജപ്പെടുത്തിയത് കുറവിന് കാരണമായിട്ടുണ്ടോ ;

(ഡി) എങ്കിൽ 2015 മാർച്ച് 31 വരെയുള്ള കാലത്ത് വരുന്ന ഒഴിവുകളിൽ ഈ ലിസ്റ്റിൽനിന്നും സൂപ്പർ ന്യൂമററി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി-സി) നിയമനത്തിൽ കുറവു വന്നിട്ടുണ്ടോയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പുതിയ നിയമനങ്ങൾ

69 (1933) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വർഷവും പി.എസ്.സി. വഴി പുതുതായി എത്രപേർക്ക് നിയമനം നൽകി ;

(ബി) പുതുതായി എത്ര തസ്തികകളാണ് സൃഷ്ടിച്ചതെന്ന് വകുപ്പുതിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം (18-5-2011 മുതൽ ഒക്ടോബർ 2014 വരെ) 109048 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. വർഷം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു :

മേയ് 2011 മുതൽ ഡിസംബർ 2011 വരെ	-	18136
2012	-	28425
2013	-	39183
1-1-2014 മുതൽ 31-10-2014 വരെ	-	23304
ആകെ	-	109048

(ബി) വിവരം ശേഖരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly